പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7524 14.7.2014 ൽ മറുപടിയ്ക്ക്

ശാരീരിക മാനസിക വൈകല്യങ്ങൾ ബാധിച്ചവർക്ക് സംരക്ഷണം

ചോദ്യം

ശ്രീമതി.കെ.കെ.ലതിക

മറുപടി

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ശാരീരിക, മാനസിക വൈകല്യങ്ങൾ ബാധിച്ചവരുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 1999 ലെ നാഷണൽ ട്രസ്റ്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം എന്നിവ സംഭവിച്ച വ്യക്തികളുടെയും അവരുടെ സ്വത്തിന്റെയും സംരക്ഷണത്തിനായി ലീഗൽ ഗാർഡിയനെ നിയമിക്കുന്നു.<br>Legal guardianship നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ/ജില്ലാ മജിസ്ട്രേട്ട് ചെയർമാനായുള്ള ലോക്കൽ ലെവൽ കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നു.<br>നാഷണൽ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വികലാംഗ കമ്മീഷണർ/സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ഉപാദ്ധ്യക്ഷനായും നാഷണൽ ട്രസ്റ്റിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്ററിന്റെ സംസ്ഥാന കോർഡിനേറ്റർ മെമ്പറായും ഉൾപ്പെടുത്തി സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി (SLCC) രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സേവനങ്ങൾ കൂടുതൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി LLC കൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ SNAC മുഖേന സ്വീകരിച്ച് വരുന്നു.<br>SNAC യുടെയും LLC യുടെയും പ്രവർത്തനങ്ങൾ പൂർണ്ണ തോതിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2014-15 സാമ്പത്തിക വർഷം SNAC ക്കും LLC കൾക്കുമായി 43,80,436/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത വൈകല്യങ്ങൾ ബാധിച്ചവരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും അവരുടെ അന്യാധീനപ്പെട്ട സ്വത്തുക്കൾ തിരിച്ചു പിടിക്കുന്നതിനും ഈ നിയമപ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) Legal guardianship നൽകുന്നതിനുള്ള അധികാരം LLC കൾക്കാണ്. ഇത്തരത്തിൽ ലീഗൽ ഗാർഡിയനെ നിയമിച്ചിട്ടുള്ള വികലാംഗരുടെ സ്ഥാവര ജംഗമ വസ്തുക്കളിന്മേൽ കൈമാറ്റം നടത്തുന്നതിനു മുമ്പായി സബ് രജിസ്ട്രാർ/ വില്ലേജ് ഓഫീസർ LLC കളിൽ നിന്ന് മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇതിനു വിരുദ്ധമായി നടപ്പിലാക്കുന്ന ഉടമ്പടികൾ 1999 ലെ നാഷണൽ ട്രസ്റ്റ് ആക്ടിന് വിരുദ്ധമാണ്. |

| | |
|---|---|
| | LLC കൾ മുഖാന്തിരം നിയമിക്കപ്പെട്ട ലീഗൽ ഗാർഡിയൻ ആണ് പ്രസ്തുത വികലാംഗന് വേണ്ടി എല്ലാ ഔദ്യോഗിക കൈമാറ്റങ്ങളും നടത്തേണ്ടത്. ഓരോ 6 മാസവും ലീഗൽ ഗാർഡിയൻ പ്രസ്തുത വികലാംഗനായ വ്യക്തിയുടെ ആസ്തി സംബന്ധിച്ച returns സമർപ്പിക്കുവാൻ ബാധ്യസ്ഥനാണ്. |

സെക്ഷൻ ഓഫീസർ